# പെസഹാകാലം - 1

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

Thomas Kalathil/ 2016

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
എപ്പോഴും, വിശിഷ്യ ഞങ്ങളുടെ പെസഹാക്കുഞ്ഞാടായ
ക്രിസ്തു ബലിയർപ്പിക്കപ്പെട്ട ഈ രാത്രിയിൽ
(ദിവസത്തിൽ/ കാലയളവിൽ)
അങ്ങയെ ഞങ്ങൾ ഉച്ചൈസ്തരം പ്രകീർത്തിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

ക്രിസ്തുവാണല്ലൊ ലോകപാപം നീക്കിയ സാക്ഷാൽ കുഞ്ഞാട്.
അവിടുന്നാണല്ലോ തന്റെ മരണത്താൽ
ഞങ്ങളുടെ മരണത്തെ സംഹരിക്കുകയും,
പുനരുത്ഥാനത്താൽ ഞങ്ങൾക്കു
പുതുജീവൻ നല്കുകയും ചെയ്തത്.

ആകയാൽ, അഖിലലോകവും
പെസഹാമഹോത്സവത്തിന്റെ ആഹ്ലാദത്തിലാറാടുന്നു;
ശാക്തികന്മാരോടും അധീശന്മാരോടും
സ്വർഗ്ഗസ്ഥരേവരോടും ഒന്നുചേർന്ന്,
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്,
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# പെസഹാകാലം - 2

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

Thomas Kalathil/ 2016

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
എപ്പോഴും, വിശിഷ്യ ഞങ്ങളുടെ പെസഹാക്കുഞ്ഞാടായ
ക്രിസ്തു ബലിയർപ്പിക്കപ്പെട്ട ഈ രാത്രിയിൽ
(ദിവസത്തിൽ/ കാലയളവിൽ)
അങ്ങയെ ഞങ്ങൾ ഉച്ചൈസ്തരം പ്രകീർത്തിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

ക്രിസ്തുവഴി വെളിച്ചത്തിന്റെ മക്കൾ
നിത്യജീവിതത്തിന് അവകാശികളായി ജന്മംകൊള്ളുന്നു;
വിശ്വാസികൾക്കായി സ്വർഗ്ഗീയകവാടം തുറക്കപ്പെടുന്നു;
അവിടുത്തെ മരണം മരണത്തെ ജയിച്ചു ഞങ്ങളെ വീണ്ടെടുത്തു;
അവിടുത്തെ പുനരുത്ഥാനത്തിൽ
സകലരുടെയും ജീവൻ പുനരുത്ഥാനം ചെയ്തു.

ആകയാൽ, അഖിലലോകവും
പെസഹാമഹോത്സവത്തിന്റെ ആഹ്ലാദത്തിലാറാടുന്നു;
ശാക്തികന്മാരോടും അധീശന്മാരോടും
സ്വർഗ്ഗസ്ഥരേവരോടും ഒന്നുചേർന്ന്,
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്,
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# പെസഹാകാലം - 3

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
എപ്പോഴും, വിശിഷ്യ ഞങ്ങളുടെ പെസഹാക്കുഞ്ഞാടായ
ക്രിസ്തു ബലിയർപ്പിക്കപ്പെട്ട ഈ രാത്രിയിൽ
(ദിവസത്തിൽ/ കാലയളവിൽ)
അങ്ങയെ ഞങ്ങൾ ഉച്ചൈസ്തരം പ്രകീർത്തിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

ക്രിസ്തുനാഥൻ ഞങ്ങൾക്കായി നിരന്തരം
ആത്മാർപ്പണം ചെയ്തുകൊണ്ട്,
അങ്ങയുടെ തിരുസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്നു.
ബലിയായി അർപ്പിക്കപ്പെട്ടു:
എങ്കിലും അവിടുത്തേക്ക് ഇനി മരണമില്ല;
വധിക്കപ്പെട്ടു:
എങ്കിലും അവിടുന്നു എന്നും ജീവിക്കുന്നു.

ആകയാൽ, അഖിലലോകവും
പെസഹാമഹോത്സവത്തിന്റെ ആഹ്ലാദത്തിലാറാടുന്നു;
ശാക്തികന്മാരോടും അധീശന്മാരോടും
സ്വർഗ്ഗസ്ഥരേവരോടും ഒന്നുചേർന്ന്,
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്,
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# പെസഹാകാലം - 4

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുവഴി പുതിയൊരു യുഗം ഉദയംചെയ്തു;
പാപത്തിന്റെ സുദീർഘമായ ആധിപത്യം അവസാനിച്ചു.
തകർന്ന ലോകം സമുദ്ധരിക്കപ്പെട്ട്,
മനുഷ്യനു സമ്പൂർണ്ണജീവൻ കൈവരികയും ചെയ്തു.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# പെസഹാകാലം - 5

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുനാഥൻ
കുരിശിൽ സ്വന്തം ശരീരം ബലിവസ്തുവാക്കിക്കൊണ്ട്,
പൂർവ്വികബലികളുടെ കുറവുകൾ നികത്തി, പൂർണ്ണിമ നല്കി,
അങ്ങേയ്ക്ക് പരമയാഗം അർപ്പിച്ചു.
അവിടുന്ന് ആത്മാർപ്പണം ചെയ്തുകൊണ്ട്,
ഒരേസമയം പുരോഹിതനും ബലിപീഠവും
ബലിയാടുമാണെന്നു വെളിപ്പെടുത്തിയല്ലോ.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# സ്വർഗ്ഗാരോഹണത്തിരുനാൾ - 1

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

പാപത്തിന്റെയും മരണത്തിന്റെയും ജേതാവായ ക്രിസ്തുനാഥൻ,
മാലാഖമാർ വിസ്മയംപൂണ്ടു നോക്കിനില്ക്കവേ,
പ്രതാപത്തോടെ സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്ത്
ദൈവസമക്ഷം മനുഷ്യരുടെ മദ്ധ്യസ്ഥനും ലോകവിധിയാളനും
മാലാഖമാരുടെ അധിപനുമായി വാണരുളുന്നു.
ഞങ്ങൾക്കുമുൻപേ അവിടുന്ന് എഴുന്നള്ളിയത്, എളിയവരായ ഞങ്ങളെ
ഉപേക്ഷിച്ചുപോകുവാനല്ല; പ്രത്യുത, ഞങ്ങളുടെ ശിരസ്സും ജീവനുമായ
അവിടുന്നു ചെന്നെത്തിയയിടത്തു അവിടുത്തെ മൗതികശരീരത്തിന്റെ
അവയവങ്ങളായ ഞങ്ങളും ചെന്നുചേരുമെന്നു
ഉറപ്പുനല്കുവാനാണല്ലോ.
ആകയാൽ, അഖിലലോകവും
പെസഹാമഹോത്സവത്തിന്റെ ആഹ്ലാദത്തിലാറാടുന്നു;
ശാക്തികന്മാരോടും അധീശന്മാരോടും സ്വർഗ്ഗസ്ഥരേവരോടും
ഒന്നുചേർന്ന്, അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്,
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# സ്വർഗ്ഗാരോഹണത്തിരുനാൾ - 2

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുനാഥൻ തന്റെ പുനരുത്ഥാനത്തിനുശേഷം
ശിഷ്യന്മാർക്ക് പ്രത്യക്ഷദർശനമരുളി.
അവരേവരും നോക്കിനില്ക്കവേ,
തന്റെ ദൈവികത്വത്തിൽ ഞങ്ങളെ പങ്കാളികളാക്കുവാൻ,
സ്വർഗ്ഗത്തിലേയ്ക്ക് എഴുന്നള്ളുകയും ചെയ്തു.

ആകയാൽ, അഖിലലോകവും
പെസഹാമഹോത്സവത്തിന്റെ ആഹ്ലാദത്തിലാറാടുന്നു;
ശാക്തികന്മാരോടും അധീശന്മാരോടും സ്വർഗ്ഗസ്ഥരേവരോടും
ഒന്നുചേർന്ന്, അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്,
ഞങ്ങൾ അവിരാമം ആലപിക്കുന്നു: